"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - 2024 - 25 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി (കെ.ബി.പി.എസ്) അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയും ആയതിനുള്ള പ്രവർത്തനങ്ങൾക്കുള്ള നിരക്ക് നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതു വിദ്യാഭ്യാസ (എം) വകുപ്പ്

സ.ഉ.(സാധാ) നം.1474/2024/GEDN തീയതി,തിരുവനന്തപുരം, 22-02-2024

പരാമർശം:-
1. 24.08.2023 - ലെ സ.ഉ (സാധാ) നം.4839/2023/പൊ.വി.വ
2. 15.03.2023 - ലെ സ.ഉ (സാധാ) നം.1938/2023/പൊ.വി.വ
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 29.12.2023 - ലെ എ2/142/2023/ടി.ബി.ഒ നമ്പർ കത്ത്

ഉത്തരവ്

2024 - 25 അദ്ധ്യയന വർഷത്തെ പാഠപുസ്തക അച്ചടി, വിതരണം എന്നിവ കെ.ബി.പി.എസിനെ ഏൽപ്പിച്ചു കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട് കെ.ബി.പി.എസിൽ നിന്നും ഹബ്ബുകളിലേക്കുള്ള ഗതാഗതം, കയറ്റിറക്ക്, ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ്, സൊസൈറ്റികളിലേക്കുള്ള വിതരണം എന്നിവയടക്കം ഭൂരിഭാഗം പ്രവർത്തനങ്ങളും പുറം കരാറുകൾ നൽകിയോ കുടുംബശ്രീ മിഷൻ പോലുള്ള ഏജൻസികൾക്ക് നൽകിയോ ആണ് ചെയ്തുപോരുന്നതെന്നും 2023 - 24 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് , കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റി അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകിയും ആയതിനുള്ള പ്രവർത്തനങ്ങൾക്കുള്ള നിരക്ക് നിശ്ചയിച്ചും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു എന്നും ആയതിനാൽ ഈ വർഷവും പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) കത്ത് പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ വർഷത്തേതു പോലെ പാഠപുസ്തക ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ് , സൊസൈറ്റികളിലേക്കുള്ള വിതരണം എന്നിവ ഇത്തവണയും മുൻവർഷത്തെ അതേ നിരക്കിൽ തന്നെ ചെയ്യാമെന്ന് കുടുംബശ്രീ മിഷൻ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തക വിതരണം അടിയന്തരമായി ആരംഭിക്കേണ്ട സാഹചര്യം നിലനിൽക്കുന്നതിനാലും അച്ചടിച്ച പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ കെട്ടിക്കിടക്കുന്നതിനാലും 2024-25 അദ്ധ്യയന വർഷത്തെ പാഠപുസ്തകങ്ങൾ ഹബ്ബുകളിൽ സോർട്ട് ചെയ്ത് പായ്ക്ക് ചെയ്യുന്നതിനാവശ്യമായ സേവനങ്ങൾ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയും പാഠപുസ്തകം വിതരണം നടത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ചുവടെ ചേർക്കും പ്രകാരമുള്ള നിരക്ക് നിശ്ചയിച്ചും ഉത്തരവാകുന്നു.

സീരിയൽ നമ്പർ	പ്രവർത്തനങ്ങൾ	നൽകുന്ന അനുമതി
1	കെ.ബി.പി.എസിൽ നിന്നുള്ള ലോഡിംഗ്	കയറ്റിറക്ക് തൊഴിലാളി ബോർഡിന്റെ അംഗീകൃത നിരക്കിൽ
2	ഹബ്ബുകളിലേക്കുള്ള ഗതാഗതം	സ്റ്റോർപർച്ചേസ് മാനദണ്ഡ പ്രകാരം ഇ – ടെണ്ടർ മുഖേന
3	ഹബ്ബുകളിലെ അൺലോഡിംഗ്	കയറ്റിറക്ക് തൊഴിലാളി ബോർഡിന്റെ അംഗീകൃത നിരക്കിൽ
4	ഹബ്ബുകളിലെ സോർട്ടിംഗ്, പാക്കിംഗ് ,ഹബ്ബുകളിലെ ലോഡിംഗ് ,സ്കൂൾ സൊസൈറ്റികളിലേയ്ക്കുള്ള ഗതാഗതം, അൺലോഡിംഗ്, ഹബ്ബുകളിലെ മറ്റെല്ലാ ചെലവുകളും	കുടുംബശ്രീ മിഷൻ മുഖേന സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ വിതരണത്തിന് 7 രൂപ/കിലോഗ്രാം എന്ന നിരക്കിലും അൺഎയ്ഡഡ് സ്കൂളിന് 4.10 രൂപ/കിലോഗ്രാം എന്ന നിരക്കിലും

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

1. പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
3. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.ബി.പി.എസ്.
4. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
5. സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
6. പാഠപുസ്തക ഓഫീസർ, തിരുവനന്തപുരം
7. എക്സിക്യൂട്ടിവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
8. ധനകാര്യ വകുപ്പ് (22.02.2024 - ലെ അനൗദ്യോഗികക്കുറിപ്പ് നമ്പർ.2671105/EDN-B3/9/2024 പ്രകാരം)
9. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര (പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

10. ഇൻഫർമേഷൻ ഓഫീസർ , വെബ് & ന്യൂ മീഡിയ,ഐ & പി.ആർ വകുപ്പ്
11. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
V Sajitha
Date: 22-02-2024 16:37:19

സെക്ഷൻ ഓഫീസർ